Malappuram District Police

## 12/11/2017 പെരിന്തൽമണ്ണ

കൊപ്പം കൈപ്പുറം പാറമ്മൽ സൈനുദ്ദീനെ (37) 1.10 കോടി രൂപയുടെ കുഴൽപ്പണവുമായി പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട്ടിൽനിന്നു പെരിന്തൽമണ്ണയിലേക്ക് കടത്തിക്കൊണ്ടുവന്ന പണമാണു പ്രത്യേക അന്വേഷണ സംഘം പിടിച്ചെടുത്തത്.

2015 മുതൽ ഹവാല പണമിടപാടുകളുമായി ബന്ധപ്പെട്ട് ഒട്ടേറെ പേരാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ വലയിലായത്. ഇത്തരം സംഘങ്ങളിൽനിന്നായി ഏകദേശം 33 കോടിയോളം രൂപ പല കേസുകളിലായി പിടിച്ചെടുത്തിട്ടുണ്ട്. ഡിവൈഎസ്പി എം.പി.മോഹനചന്ദ്രൻ, സിഐ ടി.എസ്.ബിനു എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് പണം പിടികൂടിയത്.